# ക്രിസോസ്തമും ക്രിസോസ്തമും

ഡി. ബാബുപോൾ

ക്രിസോസ്റ്റം തിരുമേനിക്ക് 99 തികഞ്ഞും തൊണ്ണൂറ്റിയൊൻപതിലെ വെള്ളപ്പൊക്കെ കണ്ട മറ്റൊരു തിരുമേനിയില്ല കേരളത്തിൽ. ഭാരതത്തിൽ നൂറ് കഴിഞ്ഞ 103 എന്നാണോർമ്മ– ഒരു മെത്രാൻ ഉണ്ട്. ലോകത്തൊട്ടാകെ നൂറ് കഴിഞ്ഞ മെത്രാന്മാർ ഒട്ടാകെ ഒരു ഡസൻ ഇല്ല. അതുകൊണ്ട് പ്രായം ഇത്രയുമായി എന്നത് പ്രധാനം തന്നെയാണ്. എന്നാൽ അതല്ല തിരുമേനിയുടെ വ്യക്തി ചരിത്രത്തിൽ അടയാളപ്പെടുത്താൻ പോകുന്നത്. നമ്മുടെ പ്രിയങ്കരനായ ക്രിസോസ്തം ഷഷ്ഠിപൂർത്തിക്ക് മുൻപ് കാലം ചെയ്തില്ല.

ക്രിസോസ്റ്റം മാർത്തോമ്മായെ എന്നാണ് ആദ്യം കണ്ടത് എന്ന് ഓർമ്മ വരുന്നില്ല. എന്റെ അച്ഛനെ എന്നാണ് ആദ്യം കണ്ടത് എന്നും ഓർമ്മ വരുന്നില്ല. എന്നും ഒപ്പം ഉണ്ടായിരുന്നു എന്നാണ് ധാരണ. അത് എന്റെ പോരായ്മ അല്ല. ആരെക്കുറിച്ച് നമുക്ക് അങ്ങനെ തോന്നുന്നുവോ, അവരുടെ മഹത്വത്തിന്റെ പ്രതിഫലനമാണ് ആ ധാരണ.

പൗരസ്ത്യ പാരമ്പര്യത്തിൽ പൂർവ്വാശ്രമം ഉപേക്ഷിക്കുമ്പോൾ പേര് മാറും. റമ്പാനാവുമ്പോഴും മെത്രാനാവുമ്പോഴും. മേല്പട്ടസ്ഥാനത്തേക്ക് നിയോഗിക്കുന്ന ആളുടെ മനസ്സ് ബുദ്ധിയുമായി സംവദിക്കുമ്പോൾ പരിശുദ്ധാത്മാവ് ഇടയ്ക്ക് കയറി നിർദ്ദേശിക്കുന്നതാണ്, അദ്ദേഹം സ്ഥാനം ഏൽക്കുന്ന ആൾക്ക് നൽകുന്ന പേര്. സഖറിയാസ് മാർ തെയോഫിലോസിന്റെ വാഴ്ച കഴിഞ്ഞ സായാഹ്നത്തിൽ കുഞ്ഞുമോൻ (പഴയ സുപ്രീംകോടത് ജഡ്ജി ജസ്റ്റിസ് കെ. റ്റി. തോമസ്) വാഴ്ചാവിശേഷങ്ങൾ പറയാൻ ഫോണിൽ വിളിച്ചു. "എന്തായിരിക്കും പേരെന്ന് ഊഹിക്കാമോ" എന്നു ചോദിച്ചു. "തെയോഫിലോസ്?" എന്റെ മറുപടി. "ഇതെങ്ങനെ ഇത്ര കൃത്യമായി ഊഹിച്ചു." "അതുമൊരു പാരമ്പര്യമാണ്. സാധാരണ ഗതിയിൽ പാത്രിയർക്കീസോ കാതോലിക്കായോ ഇഗ്നാത്തിയോസും ബസേലിയോസും ആയി കഴിഞ്ഞാൽ ആദ്യം വാഴിക്കുന്ന മെത്രാന് തന്റെ എപ്പിസ്കോപ്പൽ നാമം നൽകും. അതുകൊണ്ട് ഊഹിച്ചതാണ്."

മേല്പട്ടക്കാരുടെ പേരുകളെക്കുറിച്ചുള്ള ചർച്ച ഏറെ നീണ്ടു. വിശദാംശങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല. പ്രസക്തിയുള്ളത് യൂഹാനോൻ തിരുമേനി നൽകിയ പേരുകൾക്കും ക്രിസോസ്റ്റം തിരുമേനി പേര് മാറ്ററുത് എന്ന് കെ.റ്റി. തോമസ് ജഡ്ജി പിന്നീട് നിർബന്ധിച്ചതിനുമാണ്.

യൂഹാനോൻ തിരുമേനി മൂന്നുപേരെ വാഴിച്ചപ്പോൾ ഓരോരുത്തരുടെയും നൽവരം തിരിച്ചറിഞ്ഞ് ആയുഷ്ക്കാലം മുഴുവൻ വെല്ലുവിളി ആയിരിക്കേണ്ട പേരുകളാണ് നൽകിയത്. സ്വന്തം പേരുകൊടുത്തത് അഞ്ചാമത്ത് ആൾക്ക് അല്ലേ? അത് അല്പായുസ്സ് ആകുകയും ചെയ്തു. ദൈവകൃപയുടെ തണലിൽ ജീവപര്യന്തം കഴിഞ്ഞ ആളെ യൂഹാനോൻ മാർത്തോമ്മാ, തെയോഫിലോസ് എന്നു വിളിച്ചു. ദൈവത്തെ സ്നേഹിക്കാതെ സ്വന്തം പേര് ഓർക്കാനാവാത്ത കുരിശാണ് വെച്ചുകൊടുത്തത്. അടുത്തയാളെ അത്താനാസ്യോസ് എന്നു വിളിച്ചു. ഈ മൂന്നു തിരുമേനിമാരുടെ തെരെഞ്ഞെടുപ്പിനോടനുബന്ധിച്ച് മാർത്തോമ്മാ സഭയുടെ സത്യവിശ്വാസം ദൈവത്തിനു പഥ്യമാണോ എന്നതിന്റെ പേരിൽ ഉണ്ടായ വിവാദങ്ങൾ ഓർമ്മയുള്ളവർക്ക് ആ പേരിന്റെ സാംഗത്യം പിടികിട്ടും. വിശ്വാസം ക്രോഡീകരിച്ച ആൾ ആയിരുന്നല്ലോ അത്താനാസ്യോസ്. ആരുടെ നവീകരണ വിശ്വസം വെല്ലുവിളിക്കപ്പെട്ടുവോ ആ ആൾക്ക് ഈ പേര് നൽകിയത് സഭാദ്ധ്യക്ഷന്റെ ഒരു പ്രസ്താവന ആയിരുന്നു. അതേ ദിവസമാണ് ഇപ്പോഴത്തെ ശ്രേഷ്ഠ വലിയ മെത്രാപ്പോലീത്തായെ ക്രിസോസ്റ്റം എന്നു വിളിച്ചതും.

ക്രിസോസ്റ്റം തിരുമേനിയുടെ നിസ്തുല വ്യക്തിത്വത്തോട് അടുത്ത തലമുറയ്ക്കുള്ള ആദരവാണ് അദ്ദേഹം പേര് മാറ്ററുത് എന്നുപറഞ്ഞവരുടെ വീക്ഷണത്തിൽ പ്രതിഫലിച്ചത്. തീത്തൂസ് പ്രഥമനിൽ നിന്ന് തോമസ് മാർ അത്താനാസ്യോസിലേക്കുള്ള ഈ മടക്കയാത്ര വേണ്ടിയിരുന്നില്ല എന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം. ഫിലിപ്പോസ് മാർത്തോമ്മാ എന്നറിയപ്പെട്ടാൽ ഒരു ദോഷവും ഉണ്ടാകുമായിരുന്നില്ല. മെത്രാനാകുമ്പോൾ തന്നെ ഫിലിപ്പ് ഉമ്മൻ അച്ചൻ പ്രശസ്തനാ

യിരുന്നു. എന്നുവച്ച് കെ. പി. യോഹന്നാൻ തിരുമേനി എന്നു പറയുമ്പോലെ ഫിലിപ്പ് ഉമ്മൻ തിരുമേനി എന്നു വിളിക്കുമായിരുന്നോ? ക്രിസോസ്റ്റം തുടരണമെങ്കിൽ തന്നെ ഫിലിപ്പോസ് ഉപേക്ഷിച്ച് ക്രിസോസ്റ്റം മാർത്തോമ്മാ എന്നു പറയാമായിരുന്നു. ഇത് ഇപ്പോൾ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് എന്നതുപോലെ തന്നെയായി. ചില ആധാരത്തിലൊക്കെ എഴുതുന്നതുപോലെ. ഇതൊക്കെ സൗകര്യം പോലെ മാറ്റി മറിക്കാതിരിക്കുന്നതാണ് ഉത്തമം. അതിരിക്കട്ടെ, അതല്ല എന്റെ പ്രമേയം. ജീവിതയാത്രയിൽ ഒരു ഇടത്താവളത്തിൽ കിട്ടിയ പേർ ഈ ലോകത്തിലെ അവസാന താവളത്തിലും തുടരണമെന്ന് ജനങ്ങൾക്ക് തോന്നുമാറ് ക്രിസോസ്റ്റം എന്ന അക്ഷരങ്ങൾക്ക് മാന്ത്രികമാസ്മരികത നൽകാൻ തിരുമേനിക്ക് കഴിഞ്ഞുവെന്നാണ് ഞാൻ പറഞ്ഞുവരുന്നത്.

ക്രിസോസ്റ്റം തിരുമേനി എനിക്കൊരു പ്രഹേളികയാണ്. ചിലർ യോഹന്നാൻ സ്നാപകൻ എന്നും മറ്റുചിലർ ഏലിയാവെന്നും വേറെ ചിലർ പ്രവാചകന്മാരിലൊരുത്തനോ എന്നും പറഞ്ഞാൽ കൃത്യമായി ഉത്തരം പറയാൻ ഞാൻ പാറയല്ലല്ലോ. എങ്കിലും ഒന്നു ഞാൻ അറിയുന്നു; അവിടുന്ന് ദൈവത്തിന്റെ അഭിഷിക്തനാണ്.

തിരുമേനി ഫലിതപ്രിയനാണ് എന്നതാണല്ലോ സാധാരണക്കാർ ഏറ്റവും ശ്രദ്ധിക്കുന്ന മുഖം. ഫലിതം പറയുന്ന തിരുമേനിമാരെയും പറയാൻ ദയനീയമായി ശ്രമിക്കുന്ന തിരുമേനിമാരെയും എനിക്ക് പരിചയം ഉണ്ട്. അന്തസ്സുറ്റതും സന്ദേശം ഉൾക്കൊള്ളുന്നതും സ്വാഭാവികവും ആയ ഫലിതം വേറെ ഇതിനോടടുത്ത് കേട്ടിട്ടുള്ളത് പടിയറ കർദ്ദിനാൾ തിരുമേനിയുടെ മുഖത്തു നിന്നു മാത്രമാണ്. ഒടുവിൽ പാർക്കിൻസോണിസത്തിന്റെ പ്രാരാബ്ധങ്ങൾ സമ്മാനിച്ച നിസ്സഹായതയിൽപോലും ആ പിതാവിന്റെ നർമ്മബോധത്തിന് അടങ്ങിക്കഴിയാനായില്ല. കാത് കൂർപ്പിച്ചിരുന്നാലേ ഗ്രഹിക്കാമായിരുന്നുള്ളൂ എങ്കിലും എല്ലാവരും കാത് കൂർപ്പിക്കുമായിരുന്നു. ഇത്രയും പറഞ്ഞ സ്ഥിതിക്ക് ആ പരേതാത്മാവിന്റെ നർമ്മബോധത്തിന് ആദരാഞ്ജലി എന്ന രൂപത്തിൽ ഒരു കഥ കുറിച്ചുകൊള്ളട്ടെ. ഇടവക സന്ദർശനത്തിനെത്തുന്ന മെത്രാനെ അനാവശ്യമായ ആർഭാടങ്ങളോടെ സ്വീകരിക്കുന്ന ഒരു രീതി റോമൻ കത്തോലിക്കാ സഭയിൽ ഉണ്ട്. അത് അവസാനിപ്പിക്കണമെന്ന് മോഹിച്ച ആളായിരുന്നു കർദ്ദിനാൾ. അദ്ദേഹം പറഞ്ഞു: "ഞാൻ ഇടവ സന്ദർശനം നിർത്താൻ പോകുകയാണ്. കഴിഞ്ഞകൊല്ലം എന്നെ ആഘോഷമായി വരവേറ്റ ഒരു ഇടവകയുടെ കണക്ക് പരിശോധിച്ചതോടെയാണ് ഈ ചിന്ത ഉദിച്ചിട്ടുള്ളത്. അവരുടെ കണക്കിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നത്, കർദ്ദിനനാളിനെ വെടിവെച്ചുകൊണ്ടുവരാൻ ചെലവ് രൂപ രണ്ടായിരം എന്നാണ്."

പറഞ്ഞുവന്നത് ക്രിസോസ്റ്റം ഫലിതങ്ങളെക്കുറിച്ചാണ് അത് മാർത്തോമ്മാക്കാർക്ക് എന്നെക്കാൾ ഭംഗിയായി അറിയാവുന്ന കാര്യമാണ്. ഞാൻ വിവരിക്കുന്നില്ല. എന്നാൽ തിരുമേനിയുടെ വ്യക്തിത്വത്തിന്റെ വളരെ ചെറിയ ഒരു അംശമാണ് ഈ ഭാവത്തിൽ തെളിയുന്നത് എന്നു പറയാതെ വയ്യ. ശ്രേഷ്ഠമായ നേതൃത്വസിദ്ധിയും സൂക്ഷ്മമായ നിരീക്ഷണശക്തിയും പ്രവാചനക സദൃശമായ വീക്ഷണവിശേഷവും പണ്ഡിതപ്രകാണ്ഡങ്ങളെ അതിശയിക്കുന്ന മസ്തിഷ്ക സിദ്ധിയും ഉപരി സൂചിപ്പിക്കുന്ന നർമ്മബോധത്തോട് ചേരുമ്പോൾ ഒരു നല്ല നേതാവ് രൂപപ്പെടുന്നു. ഇന്ത്യയുടെ പ്രധാനമന്ത്രിയോ അമേരിക്കയുടെ പ്രസിഡന്റോ ഒക്കെ ആയിരിക്കാൻ അതുമതി. എന്നാൽ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക് അതുപോരാ.

വലിയ മെത്രാപ്പോലീത്താ സുതാര്യമായ വ്യക്തിത്വത്തിന്റെയും സമഗ്ര സമർപ്പണത്തോടെയുള്ള ദൈവാശ്രയത്തിന്റെയും ആൾരൂപം ആയിരിക്കണ. ക്രിസോസ്റ്റം തിരുമേനിയിൽ ശ്രദ്ധേയമായി ഞാൻ കാണുന്നത് ഈ രണ്ട് സംഗതികളാണ്. "വാത്സല്യമക്കളേ ബലഹീനനായ നാം" എന്ന ശൈലി തിരുമേനിക്ക് അന്യമാണ്. ഞാൻ മിഡിൽ സ്കൂളിൽ പഠിക്കുമ്പോൾ തിരുമേനി മെത്രാനായി. ഞാൻ ഹൈസ്ക്കൂളിൽ എത്തിയപ്പോൾ തിരുമേനി കാന്റർബറിയിലോ ഓക്സ്ഫോർഡിലോ ആണ്. എന്നാൽ പൂലാത്തീനിലും മാരാമണ്ണിലും അഭിമുഖം ഇരിക്കുമ്പോൾ തിരുമേനി എന്നെ ധരിപ്പിക്കുന്നത് ഞങ്ങൾ സഹയാത്രികരാണ് എന്നത്രേ. ഇത് തിരുമേനിയുടെ നാട്യമല്ല. നാല്പതു വർഷം രാഷ്ട്രീയക്കാരുടെ കൂടെ ജീവിച്ചവനാണ് ഞാൻ. നട്ടുവന്മാരെ വേഗം തിരിച്ചറിയും! യേശുവിന്റെസന്നിധിയിൽ നിന്നുള്ള സമഗ്രസമർപ്പണത്തിൽ നിന്നാണ് തിരുമേനിയുടെ വിജയം തുടങ്ങുന്നത്. അത് അവസാനിക്കുന്നതും ആ മടിത്തട്ടിൽ തന്നെ.

പണ്ട് അലക്സന്ത്രിയൻ പിതാക്കന്മാരിൽ നിന്ന് വിശുദ്ധ ക്രിസോസ്റ്റത്തെ വേർതിരിച്ചത് വേദവ്യാഖ്യാനങ്ങളിൽ ക്രിസോസ്റ്റം പാലിച്ച ജീവിതോന്മുഖ പ്രായോഗികതയാണ്. ബൈബിൾ ദൈനം ദിന ജീവിതത്തിൽ എങ്ങനെ പ്രസക്തമാകുന്നു എന്നതായിരുന്നു ആ പിതാവിന്റെ പ്രധാന ചിന്ത. കുസ്തന്തീനോപ്പോലീസിൽ പാത്രിയർക്കീസായിരുന്നപ്പോൾ ധനാഢ്യരെ വിളിച്ച് സൽക്കരിക്കുന്ന രീതി അദ്ദേഹം നിർത്തലാക്കി. പണക്കാരും പട്ടക്കാരും പിണങ്ങിപ്പോയെങ്കിലും പാവപ്പെട്ടവർക്ക് ഈ ആദർശപരത അഭികാമ്യമായി തോന്നി. (ഇപ്പോഴും തിരുവനന്തപുരത്ത് രണ്ട് സഭകൾ ഈ പരിപാടി നടത്തുന്നുണ്ട്. ഞാൻ പോകാറുമുണ്ട്. അടുത്ത കൊല്ലം മുതൽ ആ പോക്ക് നിർത്തി യാലോ എന്ന് ആലോചിക്കയാണ് ഞാൻ. ആതിഥേയപിതാക്കന്മാർ ധിക്കാരിയായി എഴുതിത്തള്ളുമോ എന്നാണ് ഭയം!) ഉപഭോഗപരതയ്ക്കെതിരെ ശബ്ദിച്ചു പഴയ ക്രിസോസ്തവും: “നിങ്ങൾ വിസർജ്യം ശേഖരിക്കാൻ വെള്ളികൊണ്ട് കമ്മോഡുണ്ടാക്കുന്നു. ദൈവം സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിച്ച മറ്റൊരാൾ തണുത്തുവിറച്ച് പട്ടിണി കിടന്നു. രണ്ടും ഒരേസമയം നാണമില്ലേ നിങ്ങൾക്ക്? ആമോസി നേയും ഒബാദിയയെയും കുറിച്ച് കുറിച്ച് അജ്ഞരായിരിക്കെ പന്തയക്കുതിരകളുടെ വിജയസാധ്യ തകളെക്കുറിച്ച് പാണ്ഡിത്യം സമ്പാദിക്കുന്നവരെയും ക്രിസോസ്റ്റം പരിഹസിച്ചു. നമ്മുടെ വലിയ തിരുമേനിയുടെ ദർശനങ്ങൾ പഴയ പിതാവിന്റെ ദർശനങ്ങളോട് ഒത്തുപോവുന്നത് ശ്രദ്ധിക്കുക. ഒരു വാക്യം കൂടെ ഉദ്ധരിച്ച് ഈ താരതമ്യം അവസാനിപ്പിക്കാം.

“Consider how Christ teaches us to be humble, by making us see that our virtue does not depend on our work alone but on grace from on high. He commands, each of the faithful who prays to do some universally, for the whole world. For he did not say “thy will be done in me or in us”, but ‘on earth’, the whole earth, so that error may be banished from it, truth take root in it, all vice be destroyed on it, virtue flourish on it, and earth no longer differ from heaven.”

ഈ വിശ്വമാനവിക ദർശനത്തിൽ രണ്ട് ക്രിസോസ്റ്റംമാരും യോജിക്കുന്നു എന്നതിൽ സംശയം വേണ്ട. കാർഡിനൽ ന്യൂമാൻ പഴയ ക്രിസോസ്തത്തെക്കുറിച്ച് പറഞ്ഞതും നമ്മുടെ ക്രിസോസ്റ്റ ത്തിനും യോജിക്കും: “Bright, cheerful, gentle soulms”

തിരുമേനിക്ക് കാൻസർ ആണെന്നറിഞ്ഞ് ഞാൻ അന്നുതന്നെ പൂലാത്തീനിൽ എത്തി. രോഗം നിസ്സാരമാണെന്ന ഉപരിപ്ലവമായ അമിത ലളിതവത്ക്കരണമോ കാൻസർ ഗുരുതരമാണെന്ന സത്യ ത്തിന്റെ ഭീകരഭാവമോ തിരുമേനിയിൽ കണ്ടില്ല. ഇതുമൊരു അനുഭവം എന്ന് പക്വതയാണ് ഞാൻ ആ സമീപനത്തിൽ ദർശിച്ചത്. ജീവിക്കുന്നത് ക്രിസ്തു, മരിക്കുന്നത് ലാഭം; നിങ്ങളെ പ്രതി ജീവി ച്ചിരിക്കാനാണ് ഇഷ്ടം എന്ന് പൗലോസ് പറഞ്ഞില്ലേ?

ഫിലിപ്യ ലേഖനം 1:21-25. എനിക്ക് പ്രിയപ്പെട്ട വേദഭാഗമാണ്. എന്റെ (അമ്മയില്ലാത്ത) മക്ക ളെയാണ് അവിടെ ഞാൻ ഓർക്കുന്നത്. വലിയ മെത്രാപ്പോലീത്താ ഓർക്കുന്നത് അമ്മയിൽ നിന്ന് ജനിപ്പിച്ചവരല്ലാതെ ആത്മാവിൽ തനിക്ക് മക്കളായവരെ ആയിരിക്കും.

ക്രിസോസ്റ്റം തിരുമേനിയുടെ ദീർഘായുസ്സും ആരോഗ്യവും കർമ്മശേഷിയും ഭാരത ക്രൈസ്തവ സമൂഹത്തിന് ഇനിയും വേണ്ടതുണ്ട്. അതുകൊണ്ട്മരണത്തിന്റെ ലാഭം നിഷേധിച്ച് ജീവിതത്തിന്റെ ഭാരം നമുക്കായി വഹിപ്പാനുള്ള കൃപ തിരുമേനിക്ക് കിട്ടട്ടെ എന്ന് പ്രാർത്ഥിക്കുക നാം: നിത്യവും ബ്രഹ്മമുഹൂർത്തത്തിൽ തിരുമേനിയെ ഓർക്കുമ്പോൾ അതാണ് എന്റെ പ്രാർത്ഥന.